ഉത്തരം.

(എ) ഈ വിവരം ഒരു സാമ്പത്തിക സർവ്വേനടത്തി ശേഖരിക്കേണ്ട താണു്. അങ്ങനെ ഒരു സർവ്വേ നടത്തിയിട്ടില്ലാത്തതിനാൽ വിവരം നൽകാൻ നിവൃത്തിയില്ല.

(ബി) വിൽപ്പന നികുതിയിനത്തിൽ ഗവണ്മെൻറിലേക്കു്, 1963 ഡിസംബർ അവസാനംവരെ കിട്ടേണ്ട കുടിശ്ശിക ആകെ 3,35,79,190 രൂപ 3 നഃപൈ.യാണു്. ഇതിൽ പഴയകുടിശ്ശിക 2,43,55,487 രൂപ 46 നഃപൈ.യും തന്നാണ്ടത്തെ കുടിശ്ശിക 92,23,702 രൂപ.57നഃപൈ.യും ആണു്.

പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർ.

187 [16] ശ്രീ. പി. നാരയണൻ തമ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിദ്യാഭ്യാസ ജില്ലയിലുള്ള നേരം വികുടറി ബോയിസു് ഹൈസ്കൂളിൽനിന്നും ഗേൾസു്ഹൈസ്കൂളിൽനിന്നും മുൻകൊല്ലത്തിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളവരിൽ ആരെയെല്ലാം ഈ വിദ്യാലയവർഷത്തിൽ പിരിച്ചു വിടുകയുണ്ടായി ;

(ബി) ഇവരുടെ പേരും വയസ്സും സർവ്വീസു ദൈർഘ്യവും എത്ര ;

(സി) ഇവരെ പിരിച്ചുവിടുവാനുള്ള കാരണമെന്താണു് :

(ഡി) ഇവർക്കു് ഇനി തൊഴിൽകിട്ടാൻ എന്തെങ്കിലും പ്രത്യേക നിർദ്ദേശം ഗവണ്മെൻറു ഡിപ്പാർട്ടുമെൻറിനു കൊടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ,ബി) സ്റ്റേറ്റുമെൻറു മേശപ്പുറത്തു് വച്ചിരിക്കുന്നു.†

(സി) ക്ലാസ്സു ഡിവിഷനുകളും കുറഞ്ഞതനുസരിച്ചു് അദ്ധ്യാപക തസ്തികകളും കുറയേണ്ടിവന്നതിനാലാണു് ഇവരെ പിരിച്ചുവിടേണ്ടിവന്നതു്.

(ഡി) ഇല്ല.

കണ്ണുരോഗികൾക്കു് ആനുകൂല്യം

188. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്മശ്രീ ഡോകുടർ മേഡിയുടെ കണ്ണുചികിത്സാക്യാമ്പിലേക്കു് ദൂരദിക്കുകളിൽ നിന്നു് വരുന്ന കണ്ണുരോഗികളായ ഹരിജനങ്ങൾക്കു് യാത്രക്കൂലി ഇല്ലാത്തകാരണം വിഷമിക്കുന്നതു് പരിഹരിക്കുവാൻ വല്ലനടപടിയും എടുക്കുമോ ;

(ബി) അത്തരം രോഗികൾക്കു് പോക്കുവരവിനു് ബസ്സിനു് ഫ്രീപാസു് ഏർപ്പെടുത്താനുള്ള ഒരു പരിപാടി ആലോചിക്കാമോ ?

ഉത്തരം

(എ) അപ്രകാരം ഹരിജനങ്ങളായ കണ്ണുരോഗികളും വിഷമിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

† Appendix XIV

LIBRARY ARCHIVES Kerala Legislative Assembly